# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

**ജി.എൽ.പി. സ്കൂൾ ഒതുക്കുങ്ങൽ**

# ആമുഖം

ഒതുക്കങ്ങൽ ഗ്രാമ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒതുക്കുങ്ങൽ ജി.എൽ.പി സ്കൂൾ പഞ്ചായത്തിലെ പ്രധാന വിദ്യാലയങ്ങളിലൊന്നാണ്. 1912 ൽ ഒരു ഓത്തുപള്ളിക്കൂടമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം നൂറ്റാണ്ടിനിപ്പുറം വളർച്ചയുടെ പാതയിലാണ്. തിരൂർ - മഞ്ചേരി ദേശീയ പാതയോരത്ത് ഒന്നര ഏക്കർ വിസ്തൃതിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തെ സാമൂഹ്യ പ്രവർത്തകനായിരുന്ന പരേതനായ ശ്രീ കുരുണിയൻ കുഞ്ഞിക്കോയാമു ഹാജി എന്നവരുടെ വാടകക്കെട്ടിടത്തിലായിരുന്നു ആദ്യ കാലം സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1982 ൽ സ്കൂൾ കെട്ടിടം നിലനിൽക്കുന്ന ഭൂമി സർക്കാർ പൊന്നും വിലക്ക് ഏറ്റെടുത്തു. തുടർന്ന് നാട്ടുകാരുടെ നിരന്തര ശ്രമഫലമായി പഴയ കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം നിർമ്മിച്ചു. മുൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന യു.എ ബീരാൻ സാഹിബിന്റെയും എം.എൽ.എ പി.കെ കുഞ്ഞാലിക്കുട്ടി സാഹിബിന്റെയും ശ്രമഫലമായാണ് കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പ്രദേശത്തെ ഏക പ്രൈമറി വിദ്യാലമായിരുന്ന ഒതുക്കുങ്ങൽ ജി.എൽ.പി സ്കൂളിന്റെ വളർച്ചക്ക് നാട്ടുകാരുടെയും ഗ്രാമപഞ്ചായത്തിന്റെയും നിർലോഭമായ സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്. 1983 ൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പഴയ കെട്ടിടം ഇന്നത്തെ രീതിയിൽ ഉറപ്പും ഭംഗിയും വരുത്തി പുനർ നിർമ്മിച്ചത് 2009 - 10 വർഷത്തെ ഒതുക്കങ്ങൽ ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ്. എസ്. എസ്.എ, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ ഏജൻസികളും സ്കൂളിന്റെ നവീകരണത്തിന് സഹായികളായിട്ടുണ്ട്. വേങ്ങര നിയോജക മണ്ഡലം എം.എൽ.എ ആയ ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ പ്രത്യേക ശ്രമഫലമായാണ് നമുക്ക് സ്വന്തമായി സ്കൂൾ ബസ് എന്ന സ്വപ്നം സഫലമായത്. ഗതാഗത തിരക്കേറിയ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയത്തിലേക്ക് വരുന്നതിന് കൂടുതൽ കുട്ടികളും ബസിനെ ആശ്രയിക്കുന്നു.

2025 - 26 അധ്യയന വർഷത്തിൽ വിദ്യാലയത്തിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 219 കുട്ടികൾ അധ്യയനം നേടുന്നുണ്ട്. 2011-12 വർഷത്തിൽ 15 പ്രവർത്തനമാരംഭിച്ച പ്രീ- പ്രൈമറി വിഭാഗത്തിൽ നിലവിൽ 95 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. കലാകായിക രംഗങ്ങളിൽ സ്കൂളിന്റെ പ്രവർത്തനം പഞ്ചായത്തിൽ എടുത്തു പറയേണ്ടതാണ്.

## പൊതു ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടിയിരിക്കേണ്ട പഠനനേട്ടങ്ങൾ ഉറപ്പ് വരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കലാകായികവുമായ കഴിവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
- വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക

## നേട്ടങ്ങൾ

- കലാകായിക പ്രവൃത്തിപരിചയ മേളകളിലെ മികച്ച പങ്കാളിത്തം
- സ്കൂൾ പ്രവേശനത്തിൽ വിവിധ വർഷങ്ങളിലുള്ള വർദ്ധനവ്
- വിദ്യാലയത്തിന്റെ മികവുയർത്തുന്നതിൽ രക്ഷിതാക്കളുടെ പങ്കാളിത്തം
- മികച്ച ഭൗതിക സൗകര്യങ്ങൾ

## പരിമിതികൾ

- ചുരുക്കം ചില കുട്ടികളിൽ പഠന പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.
- ഇംഗ്ലീഷ്, ഗണിത വിഷയങ്ങളിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാനായിട്ടില്ല.
- കുട്ടികളുടെ പഠന പുരോഗതിയിൽ അതാത് സമയങ്ങളിലുള്ള രക്ഷിതാക്കളുടെ ഇടപെടലില്ലായ്മ.

# മധുരം മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകചുമതലകൾ |
|---|---|---|---|
| ▪ മുഴുവൻ കുട്ടികളെയും തെറ്റ് കൂടാതെ വായിക്കുന്നതിനുംഎഴുതു ന്നതിനും പ്രാപ്തരാക്കുക.<br><br>▪ ചെറു സർഗാതമക രചനകളിൽ ഏർപ്പെടുത്തുക<br><br>▪ വായനയുടെ വിവിധ തലങ്ങൾ പരിശീലിപ്പിക്കുക. | ▪എസ്.എസ്.എയുടെ വിജയ സ്പർശം പരിപാടി സ്കൂളിൽ നടപ്പാക്കുക.<br>▪വായന കുറിപ്പുകൾ തയ്യാറാക്കുക<br>▪ശ്രാവ്യ വായന മത്സരം കുട്ടികളുടെ രചനകൾക്ക് പ്രദർശന ബോർഡുകൾ പതിപ്പുകൾ എന്നിവ തയ്യാറാക്കുക.<br>▪സാഹിത്യകാരന്മാരെയും കൃതികളെയും പരിചപ്പെടുത്തുക.<br>▪ക്ലാസ് ലൈബ്രറി, വായന കാർഡ് എന്നിവ ഉപയോഗപ്പെടുത്തി വായനക്ക് പ്രോത്സാഹനം നൽകുക.<br>▪ ഡയറി എഴുത്ത്, പത്രവായന എന്നിവ ശീലിപ്പിക്കുക<br>▪ പത്രത്തിലെ പ്രധാന വാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുക<br>▪ ബാലസഭകൾ, കലാമേളകൾ എന്നിവ സംഘടിപ്പിക്കുക<br>▪ സർഗാത്മക രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുക | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# ഈ സി ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪എൽ.പി തലത്തിൽ കുട്ടി കൈവരിക്കേണ്ട പഠനനേട്ടങ്ങൾ നേടിയെടുക്കുക<br><br>▪ കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം അകറ്റുക<br><br>▪അക്ഷരത്തെറ്റുകളില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.<br><br>▪ തെറ്റ് കൂടാതെ സംസാരിക്കാൻ പ്രാപ്തനാക്കുക. | ▪ ഇംഗ്ലീഷിൽ വായന കാർഡുകൾ തയ്യാറാക്കി നൽകൽ<br>▪ ചിത്ര വായന പ്രോത്സാഹിപ്പിക്കൽ<br>▪ പാഠ ഭാഗത്തെ ചെറിയ സ്ക്രിപ്റ്റുകളാക്കി മാറ്റി ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുക.<br>▪ പദസമ്പത്ത് ആർജ്ജിക്കാൻ ആവശ്യമായ ധാരാളം പ്രവർത്തനങ്ങൾ നൽകുക - പിക്ച്ചർ ഡിക്ഷണറി.<br>▪ സന്ദർഭികാ സംഭാഷണത്തിന് കൂടുതൽ അവസരം ഒരുക്കുക<br>▪ ഇംഗ്ലീഷ് ഡയറി, ഇംഗ്ലീഷ് മാഗസിൻ തുടങ്ങിയ സർഗാത്മക രചനകൾക്ക് പ്രാധാന്യം നൽകുക.<br>▪ രണ്ട് മാസത്തിലൊരിക്കൽ ഒരു ഇംഗ്ലീഷ് ഡെ സംഘടിപ്പിക്കുക.<br>▪ ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക<br>▪ ഇംഗ്ലീഷ് പഠനത്തിൽ ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തുക. (ഇ-ക്യൂബ് ലാംഗേജ് ലാബ്) | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# ഗണിതം ലളിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪ സംഖ്യാബോധം, അടിസ്ഥാന ക്രിയ വസ്തുതകൾ ( ചതുഷ് ക്രിയ) എന്നിവ എല്ലാ കുട്ടികളിലും ഉറപ്പാക്കുക.<br><br>▪ നിത്യജീവിതവുമായി ഗണിതാശയങ്ങളെ ബന്ധിപ്പിക്കുന്നു.<br><br>▪ കളികളിലൂടെ ഗണിത പഠനത്തിൽ താൽപര്യം ഉണർത്തുക.<br><br>▪ ഗണിത ശേഷികളുടെ പ്രദർശനം | ▪ ഗണിത പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുക - ശിൽപശാല<br>▪ എല്ലാ ക്ലാസുകളിലേക്കും ആവശ്യമായ ഗണിത പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്ത് തയ്യാറാക്കുക.<br>▪ എല്ലാ തരം കുട്ടികളെയും - പരിഗണിക്കത്തക്ക രൂപത്തിൽ പ്രത്യേക പ്രവർത്തനങ്ങളും വർക്ക് ഷീറ്റുകളും തയ്യാറാക്കുക.<br>▪ ഗണിതവിജയം, ഉല്ലാസഗണിതം പോലുള്ള ഗണിതക്കിറ്റുകൾ ഉപയോഗിച്ച് വിവിധ കളിലൂടെ ഗണിത പഠനം രസകരമാക്കുക.<br>▪ പ്രശ്നോത്തരി, പസിൽ , പാറ്റേൺ, മറ്റ് പഠനഉൽപനങ്ങളുടെ പ്രദർശനം. | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# പരിസരത്തെ അറിയാം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪ ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ<br><br>▪കുട്ടികളിൽ ശാസ്ത്ര, പാരിസ്ഥിതിക മനോഭാവം വളർത്തുക.<br><br>▪പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിനു വേണ്ടി ഫലപ്രദമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.<br><br>▪പരിസര ശുചിത്വം, ,വ്യക്തി ശുചിത്വം, പൊതു ആരോഗ്യ ബോധം ഉള്ളവരാക്കി മാറ്റുക. | ▪പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ നടത്തുക.<br>▪പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.<br>▪ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തുക.<br>▪ഫീൽഡു ട്രിപ്പുകൾ സംഘടിപ്പിക്കുക.<br>▪ഡ്രൈ ഡേ ആചരണം.<br>▪ദേശീയ ശാസ്ത്ര ദിനം.<br>▪സ്കൂൾ പച്ചക്കറിത്തോട്ടം,പൂന്തോട്ടം നിർമാണം, പരിപാലനം.<br>▪ സുംബ, ഡാൻസ്, ലഘു വ്യായാമങ്ങളിൽ ഏർപ്പെടുക.<br>▪ പി.എച്ച് സി യുടെ സഹായത്തോടെ മുഴുവൻ കുട്ടികളുടെയും ബി.എം.ഐ കണ്ടെത്തൽ, മറ്റ് ആരോഗ്യ പരിശോധനകൾ നടത്തി രക്ഷിതാക്കളെയും കുട്ടികളെയും ആരോഗ്യ ബോധവത്കരണം നടത്തുക. | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪കരിക്കുലം ലക്ഷ്യം വെക്കുന്ന പഠനനേട്ടങ്ങൾ കുട്ടികളിൽ ഉറപ്പ് വരുത്തുക.<br>▪ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും സംസാരിക്കാനുമ കഴിവ് ആർജജിച്ചെടുക്കുക<br>▪ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ ഉണ്ടാകുന്നു എന്ന് ഉറപ്പു വരുത്തുക. | ▪ചിത്ര വായനക്ക് അവസരം നൽകുന്നു.<br>▪ ഭാഷാ ഗയിമുകൾക്ക് ക്ലാസ്സിൽ അവസരം നൽകുന്നു.<br>▪ആവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു.<br>▪ കുട്ടികളുടെ രചനകൾ ക്ലാസിൽ പ്രദർശിപ്പിക്കുകയും രചനകൾ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു<br>▪ പദസമ്പത്ത് ആർജ്ജിക്കാൻ ആവശ്യമായ ധാരാളം പ്രവർത്തനങ്ങൾ നൽകുക<br>▪ സർഗാത്മക രചനകളെ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു.<br>▪ അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>▪ ലോക അറബി ദിനം<br>▪ അറബിക് ഫെസ്റ്റ് | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# സ്കൂൾ അസംബ്ലി ഒരു അക്കാദമിക് പ്രവർത്തനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪ കുട്ടികളിൽ അച്ചടക്ക ബോധവും ആത്മവിശ്വാസവും വളർത്തുക<br>▪ നേതൃത്വ ഗുണം വളർത്തിയെടുക്കുക. | ▪ ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിൽ അസംബ്ലി ചേരുക .<br>▪ ഓരോ ക്ലാസിനും മാറി മാറി ചുമതല, അവതരണം തുടങ്ങിയവ നൽകുന്നു.<br>▪ പത്രവാർത്ത അവതരണം<br>▪ പതിപ്പ് പ്രകാശനം<br>▪ ദിനാചരണ സന്ദേശങ്ങൾ<br>▪ ഇംഗ്ലീഷ്, അറബി ഭാഷകളിൽ അസംബ്ലി സംഘടിപ്പിക്കുക | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# ക്ലാസ് പി.ടി.എ ശാക്തീകരണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪ രക്ഷിതാക്കളും അധ്യാപകരും വിദ്യാലയവുമായുള്ള ബന്ധം ഊർജ്ജിതമാക്കൽ<br>▪ സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക<br>▪ അധ്യാപക രക്ഷാകർതൃ ബന്ധം ശക്തിപ്പെടുത്തുക.<br>▪ കുട്ടിയുടെ പഠനനേട്ടവും പഠന വൈകല്യവും യഥാസമയം രക്ഷകർത്താവിനെ ബോധ്യപ്പെടുത്തുകയും കൂട്ടായ ചർച്ചയിലൂടെ സാധ്യതകളും പ്രശ്നങ്ങളും കണ്ടെത്തി പരിഹരിക്കുകയും ചെയ്യുക. | ▪ മാസത്തിൽ ഒരു CPTA എന്ന ക്രമത്തിൽ ചേരുക<br>▪ എല്ലാ വിഷയങ്ങളിലേയും നിശ്ചിത കാലയളവിലെ പഠനപുരോഗതി, പഠന പ്രശ്നങ്ങൾ , ഹാജർ നില, മറ്റ് ശേഷികൾ എന്നിവ രക്ഷിതാവിനെ ബോധ്യപ്പെടുത്തുക.<br>▪ CPTA യിൽ പോർട്ട് ഫോളിയോ, നോട്ട് ബുക്ക് എന്നിവ രക്ഷിതാക്കൾ വിലയിരുത്തുന്നു.<br>▪ ക്ലാസ് റൂം മികവുകളും പോരായ്മകളും രക്ഷിതാവുമായി പങ്കുവെക്കുന്നു. | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# ഐ.സി.ടി സാധ്യതകളുടെ ഉപയോഗപ്പെടുത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪ഐ.സി.ടി യുടെ സഹായത്തോടെ പരമ്പരാഗത പഠന രീതിയിൽ മാറ്റം വരുത്തുക.<br>▪ വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമാക്കുക.<br>▪ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി എല്ലാ ക്ലാസുകളും സ്മാർട്ട് ആക്കി മാറ്റുക | ▪ പഠനപ്രവർത്തനങ്ങൾ ഐ.സി.ടി യുടെ സഹായത്തോടെ ഉറപ്പാക്കുന്നു.<br>▪ കുട്ടികളിൽ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കുന്നതിന അനുയോജ്യമായ വീഡിയോ ക്ലിപ്പുകളും സ്ലൈഡുകളും കാണിച്ചു കൊടുക്കുന്നു.<br>▪ കമ്പ്യൂട്ടർ ലാബിന്റെ സഹായത്തോടെ ഇ-ക്യൂബ് , പ്ലേ- ബോക്സ് പരിശീലനം നൽകുക | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# എസ്. ആർ.ജി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|---|
| ▪ കൃത്യമായ പഠനാസൂത്രണം.<br>▪ഭൗതികവും അക്കാദമികവുമായ കാര്യങ്ങൾ വിലയിരുത്തൽ .<br>▪ ക്ലാസ് തലത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും പോരായ്മകളും അനുഭവങ്ങളും പങ്കുവെക്കൽ. | ▪ എസ്. ആർജി ആഴ്ചയിലൊന്ന് എന്ന നിലയിൽ കൃത്യമായും ദിനാചരണങ്ങളുടെയും മറ്റും ഭാഗമായി പ്രത്യേകിച്ചും ചേരുന്നു.<br>▪ പഠനാസൂത്രണം ക്ലാസ് തല മികവുകളുടെ പങ്കു വെക്കൽ, പ്രശ്ന പരിഹാര ചർച്ചകൾ എന്നിവ എസ്.ആർ.ജി.യിൽ നടക്കുന്നു.<br>▪ ദിനാചരണങ്ങളുടെ ആസൂത്രണം മറ്റ് അക്കാദമിക ഭൗതിക പരിപാടികളുടെ ആസൂത്രണം എന്നിവ എസ്.ആർ.ജി യിൽ നടക്കുന്നു. | ഒരു അക്കാദമിക വർഷം | SRG<br>ക്ലാസ് ടീച്ചേഴ്സ് |

# ആവശ്യമായ ഭൗതിക സൗകര്യങ്ങൾ

- **ഡൈനിംഗ് ഹാൾ**

വിദ്യാർത്ഥികൾക്ക് സ്വസ്ഥമായി ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള അവസരം നിലവിലില്ല. അതിനാൽ എല്ലാ വിദ്യാർത്ഥികൾക്കും ഒരേ സമയം ഒരേ സ്ഥലത്തിലിരുന്ന് ഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാൾ ആവശ്യമാണ്.

- **അസംബ്ലി ഹാൾ**

ഏത് കാലാവസ്ഥയിലും സ്വസ്ഥമായി അസംബ്ലിയും മറ്റ് പൊതുപരിപാടികളും നടത്താനും വീക്ഷിക്കുവാനും ആവശ്യമായ ഒരു ഹാൾ.

- **പിഡഗോഗി പാർക്ക്**

ക്ലാസ് റൂമിനു പുറത്ത് തുറന്ന അന്തരീക്ഷത്തിൽ അനുഭവങ്ങളിലൂടെ പഠനാനുഭവങ്ങൾ കണ്ടെത്താനും പങ്കു വെക്കുന്നതിനും ആവശ്യമായ ഒരു പാർക്ക് .

- **സ്റ്റാഫ് റൂം**

അധ്യാപകർക്ക് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും എസ്. ആർ.ജി ഫലപ്രദമായി കൂടുന്നതിനും ഒരു സ്റ്റാഫ് റൂം ആവശ്യമാണ്.